**2013 മാർച്ച് 5-ാം തീയതി 2.00 മണിക്ക് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ വെച്ച് നടന്ന കില ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്.**

ഹാജർ:

1. ഡോ.എം.കെ.മുനീർ
   ബഹു.പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി. : പ്രസിഡണ്ട്

2. ശ്രീ.വി.എസ്.സെന്തിൽ, IAS
   പ്രിൻസിപ്പൽ സെക്രട്ടറി,
   തദ്ദേശഭരണ വകുപ്പ്. : മെമ്പർ

3. ശ്രീ. ജമാൽ മണക്കാടൻ,
   ചെയർമാൻ
   ചേമ്പർ ഓഫ് മുൻസിപ്പൽ ചെയർമെൻ. : മെമ്പർ

4. അഡ്വ. എം. മണികണ്ഠൻ,
   പ്രസിഡണ്ട്
   കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ. : മെമ്പർ

5. ശ്രീമതി. എസ്.ലളിതാംബിക, IAS
   പഞ്ചായത്ത് ഡയറക്ടർ. : മെമ്പർ

6. ശ്രീ.എസ്.വിജയകുമാർ,
   ജോയിന്റ് സെക്രട്ടറി
   ധനകാര്യ വകുപ്പ്. : മെമ്പർ

7. ഡോ.പി.പി.ബാലൻ,
   ഡയറക്ടർ, കില. : മെമ്പർ

ഐറ്റം നമ്പർ: 1

**26.6.2012 ലെ ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്**

26.06.2012 ൽ ചേർന്ന ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു.

ഐറ്റം നമ്പർ: 2

**26.6.2012 ലെ ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച്**

26.06.2012 ൽ ചേർന്ന ജനറൽ കൗൺസിൽ യോഗതീരുമാനങ്ങളിലെടുത്ത നടപടികളെ സംബന്ധിച്ച് കില ഡയറക്ടറുടെ വിശദീകരണത്തിൽ ജനറൽ കൗൺസിൽ സംതൃപ്തി രേഖപ്പെടുത്തി.

ഐറ്റം നമ്പർ: 3

**ആഡിറ്റ് റിപ്പോർട്ട് 2011-12**

2011-12ലെ കിലയുടെ ആഡിറ്റ് റിപ്പോർട്ട് ജനറൽ കൗൺസിൽ വിശദമായി പരിശോധിച്ചു. വർഷങ്ങളായി വിവിധ ഏജൻസികളിൽ നിന്നും വ്യക്തികളിൽ നിന്നും കിലയ്ക്ക് ലഭിക്കേണ്ടതായ തുകകൾ വാങ്ങിച്ചെടുക്കുവാൻ വൈകുന്നതിലും കില വിവിധ ഏജൻസികൾക്ക് തിരികെ നൽകുവാൻ വൈകുന്നതിലും ജനറൽ കൗൺസിൽ ഉത്കണ്ഠ പ്രകടിപ്പിച്ചു. ഇത് എത്രയും വേഗം തീർപ്പാക്കുന്നതിന് ജനറൽ കൗൺസിൽ കില ഡറക്ടറെ ചുമതലപ്പെടുത്തി. കൂടാതെ മേൽ പറഞ്ഞതിലെ ചെറിയ തുകകൾ എഴുതി തള്ളുവാൻ കഴിയുന്നതാണെങ്കിൽ അവ പ്രത്യേകം പരിശോധിച്ച് വേണ്ടതായ നടപടി കൈക്കൊള്ളുവാൻ ജനറൽ കൗൺസിൽ കില ഡയറക്ടറെ അധികാരപ്പെടുത്തി.

ഐറ്റം നമ്പർ: 4

**2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അംഗീകാരം സംബന്ധിച്ച്**

2013-14 സാമ്പത്തിക വർഷത്തെ കിലയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ജനറൽ കൗൺസിൽ ചർച്ചചെയ്ത് തത്വത്തിൽ അംഗീകരിച്ചു.

ഐറ്റം നമ്പർ: **5**

<u>ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്</u>

- 2011-12 സാമ്പത്തിക വർഷത്തിലേക്ക് ചുമതലപ്പെടുത്തിയ M/s Venugopal and Associate എന്ന Chartered Accountant Firm ന് ഓഡിറ്റ് ഫീസായി 27000/- രൂപ കില ഡയറക്ടർ അനുവദിച്ച് നല്കിയത് ജനറൽ കൗൺസിൽ അംഗീകരിച്ചു.

- **2012-13 സാമ്പത്തിക വർഷത്തിലെ കിലയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി M/s. V. Venugopal & Associate എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുവാൻ താണ് ജനറൽ കൗൺസിൽ തീരുമാനിച്ചു.**

- 2012-13 സാമ്പത്തിക വർഷത്തെ കിലയുടെ **കണക്കുകൾ (വിവിധ പ്രോജക്റ്റുകൾ അടക്കം)** ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് നല്കുന്നതിനുള്ള **ആഡിറ്റ് ഫീസ് ആയി 50,000/- രൂപ ജനറൽ കൗൺസിൽ നിജപ്പെടുത്തി.**

ഐറ്റം നമ്പർ: **6**

<u>കിലയെ ഡീംഡ് യൂണിവേഴ്സിറ്റിയാക്കുന്നതിന്റെ പ്രവർത്തന റിപ്പോർട്ട്</u>

കിലയെ ഡീംഡ് യൂണിവേഴ്സിറ്റിയാക്കുന്നതിന്റെ പ്രവർത്തന റിപ്പോർട്ട് ജനറൽ കൗൺസിൽ മുമ്പാകെ സമർപ്പിച്ചത് അംഗീകരിച്ചു.

ഐറ്റം നമ്പർ: **7**

<u>അക്കാദമിക് സ്റ്റാഫിന്റെ ശംബളപരിഷ്ക്കരണം സംബന്ധിച്ച്</u>

കിലയിലെ ഫാക്കൽറ്റി അംഗങ്ങൾക്ക് ശംബളപരിഷ്ക്കരണം നടപ്പിലാക്കുന്നതിനായി അനുമതി തേടികൊണ്ട് 30.4.2010-ൽ സർക്കാരിനോട് അപേക്ഷിച്ചതിൽ ഇതുവരെ തീരുമാനമാകാത്ത സാഹചര്യത്തിൽ ആയത് പരിശോധിച്ച് എത്രയും വേഗം ശംമ്പള പരിഷ്കരണം നടപ്പിലാക്കിക്കൊണ്ട് ഉത്തരവാക്കാൻ തദ്ദേശഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ 8

<u>ട്രെയിനിംഗ് അസോസിയേറ്റ് തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ച്.</u>

ട്രെയിനിംഗ് അസോസിയേറ്റ്സിന്റെ നിയമനവുമായി ബന്ധപ്പെട്ട അപേക്ഷ ക്ഷണിച്ചപ്പോൾ സംവരണം സംബന്ധിച്ച വിവരങ്ങൾ പരസ്യത്തിൽ പരാമർശിക്കാത്തതിനാൽ നിലവിൽ നടന്നുവരുന്ന നടപടിക്രമങ്ങൾ നിർത്തിവയ്ക്കുവാനും ഗവണ്മെന്റിൽ നിന്ന് ശമ്പള സ്കെയിൽ അനുവദിച്ചുകിട്ടിയശേഷം പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് വീണ്ടും അപേക്ഷ ക്ഷണിക്കുവാനും തീരുമാനിച്ചു.

അംഗീകാരം കിട്ടിയ മൂന്ന് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേക്ക് ഗവണ്മെന്റിൽ നിന്നും ശമ്പള സ്കെയിൽ നിർണ്ണയിച്ചുകിട്ടുന്നമുറക്ക് അപേക്ഷ ക്ഷണിച്ച് നിയമനം നടത്താൻ തീരുമാനിച്ചു.

യോഗം 3.30 ന് അവസാനിച്ചു.

പ്രസിഡന്റ്
ജനറൽ കൗൺസിൽ

Dr. M. K. MUNEER
Minister for Panchayats &
Social Justice

2. 4. 13